# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1195** 10/08/2017 -ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളിലെ പരീക്ഷകളിൽ പരിഷ്കാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, എ.പി. അനിൽ കുമാർ<br>,, വി.ടി.ബൽറാം<br>,, ഐ.സി.ബാലകൃഷ്ണൻ : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിലെ പരീക്ഷക ളിൽ പരിഷ്കാരം വരുത്താൻ ഉദ്ദേശി ക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. ജ്ഞാനനിർമ്മിതിയിൽ അധിഷ്ഠിതമായ ഒരു പാഠ്യപദ്ധതി യാണ് നാം പിന്തുടരുന്നത്. അനുഭവങ്ങളിലൂടെ കടന്നുപോകുന്ന പഠിതാവ് അറിവ് നിർമ്മിക്കുന്നുവെന്നും നിർമ്മിച്ച അറിവിനെ പുന:പരിശോ ധിച്ച് മെച്ചപ്പെടുത്തുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇത് നടക്കണമെങ്കിൽ വിലയിരുത്തൽ നിരന്തരമായി നടക്കുകയും അതിലൂടെ കിട്ടുന്ന തിരിച്ചറിവുകൾ പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രയോജന പ്പെടുത്തുകയും വേണം. ഇക്കാര്യത്തിൽ നിരന്തരവിലയിരുത്തലിനാണ് (സി ഇ) ഏറെ പങ്ക് വഹിക്കാനാവുക എന്നതിനാൽ നിരന്തര വിലയിരു ത്തൽ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പഠനങ്ങളും പരിശീലനങ്ങളും നടന്നുവരികയാണ്. ഇപ്പോൾ നിലവിലിരിക്കുന്ന സി ഇ, റ്റി ഇ സ്കോർ അനുപാതത്തിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗ മായ പ്രക്രിയകളും പ്രവർത്തനങ്ങളും ശരിയായ വിധത്തിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്. |

ടേം വിലയിരുത്തലിൽ ചുവടെ പറയുന്ന സവിശേഷതകൾ ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു.

- പഠനനേട്ടത്തെ (ആശയം, പ്രക്രിയ, മനോഭാവം, മൂല്യങ്ങൾ) അടിസ്ഥാനപ്പെടുത്തിയത്.
- നേടിയ അറിവിന്റെ പ്രയോഗ സന്ദർഭങ്ങൾ ഉൾക്കൊള്ളുന്നത്.
- ബൗദ്ധിക വെല്ലുവിളി ഉയർത്തുന്നതും വിവിധ ചിന്താ പ്രക്രിയകളുടെ ഉപയോഗത്തിലേക്ക് നയിക്കുന്നതും.
- കുട്ടിക്ക് സ്വയം വിലയിരുത്തലിന് സഹായകമായത്.
- നിശ്ചിതമായ പാറ്റേണിലേക്ക് ഒതുങ്ങാത്തതും നൂതനത്വവും വൈവിധ്യവും പുലർത്തുന്നതും.
- കുട്ടിയുടെ നില നിർണ്ണയിക്കാനും പഠനപ്രക്രിയയുടെ ഫലപ്രാപ്തി വിലയിരുത്തി തുടർ ആസൂത്രണം നടത്താൻ ടീച്ചറെ സഹായിക്കുന്നതും.
- വ്യത്യസ്ത നിലവാരക്കാരായ വിദ്യാർത്ഥികളെ പരിഗണിക്കുന്നത്.
- കുട്ടികൾക്ക് എളുപ്പത്തിൽ വായിച്ചു മനസ്സിലാക്കാൻ ഉതകുംവിധം ലളിതവും ശിശുസൗഹൃദപരവുമായ ചോദ്യഭാഷ
- സ്വന്തം നിലപാടുകളും കാഴ്ചപ്പാടുകളും യുക്തിപൂർവ്വം സമർപ്പിക്കുന്നതിന് അവസരമൊരുക്കുന്ന ചോദ്യങ്ങൾ ഉൾക്കൊള്ളുന്നത്.
- വിമർശന ചിന്തയും പ്രതികരണ ശേഷിയും വളർത്താൻ ഉതകുന്ന ചോദ്യങ്ങൾ ഉള്ളത്.
- കുട്ടികൾക്ക് തെരഞ്ഞെടുപ്പിന് അവസരം നൽകുന്ന വിധത്തിൽ 25% അധിക ചോദ്യങ്ങൾ ഉൾപ്പെടുത്തിയത്.

(ബി) ചോദ്യപ്പേപ്പറുകൾ തയ്യാറാക്കുന്നതിൽ എന്ത് തരത്തിലുള്ള പരിഷ്കരണമാണ്

(ബി) എല്ലാ അധ്യാപകരുടെയും സഹകരണത്തിനുള്ള അവസരം ഉറപ്പ

ഉദ്ദേശിക്കുന്നത്; ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകൾക്കുള്ള പരീക്ഷകളിലെ ചോദ്യപ്പേപ്പർ സർക്കാർ നേരിട്ട് തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

വരുത്തിക്കൊണ്ട് ജനാധിപത്യപരമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിനായി ഒരു അസെസ്മെന്റ് ടൂൾ മാനേജ്മെന്റ് സിസ്റ്റം (എ റ്റി എം എസ്) വികസിപ്പിച്ചു കഴിഞ്ഞു. 2017 ആഗസ്റ്റ് 5 ന്റെ ക്ലസ്റ്റർ പരിശീലനത്തിൽ എല്ലാ അധ്യാപകർക്കും എ റ്റി എം എസ് ൽ പ്രവേശിക്കുന്നതിനുള്ള യൂസർനെയിം, പാസ് വേഡ് എന്നിവ നൽകിയിട്ടുണ്ട്.

2018 ലെ എസ് എസ് എൽ സി, എച്ച് എസ് എസ് പൊതുപരീക്ഷകൾ അധ്യാപകരുടെ പങ്കാളിത്തത്തോടെ എ റ്റി എം എസ് ഉപയോഗിച്ച് വികസിപ്പിക്കുന്ന ചോദ്യശേഖരം അടിസ്ഥാനമാക്കി ചിട്ടപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അധ്യാപകർ വ്യക്തിഗതമായി തയ്യാറാക്കുന്ന ചോദ്യങ്ങൾ സ്കൂൾ വിഷയ ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തി അപ് ലോഡ് ചെയ്യാവുന്നതാണ്. ഇങ്ങനെ അപ് ലോഡ് ചെയ്യുന്ന ചോദ്യങ്ങൾ ഒരു വിദഗ്ധ സമിതിയുടെ അംഗീകാരത്തിന് വിധേയമായി എല്ലാവർക്കും ലഭ്യമാകുന്ന തരത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ ചോദ്യങ്ങളെ സംബന്ധിക്കുന്ന പ്രതികരണം കൂടെ പരിഗണിച്ച് വിദഗ്ധ സമിതി ചിട്ടപ്പെടുത്തുന്ന പൂളിൽ നിന്നായിരിക്കും പൊതു പരീക്ഷക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്. ഒരു ബ്ലൂപ്രിന്റിന്റെ അടിസ്ഥാനത്തിൽ ചോദ്യപേപ്പർ രൂപപ്പെടുത്താനും പാസ് വേഡ് സംരക്ഷണത്തോടെ ഓൺലൈനായി സ്കൂളുകൾക്ക് നൽകാനും കഴിയും. തുടർന്നു വരുന്ന പരീക്ഷകൾ പലതും ഓൺലൈനിൽ ചോദ്യങ്ങൾ ലഭ്യമാക്കി നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

| | |
|---|---|
| (സി) എല്ലാ വിഷയങ്ങൾക്കും ചോദ്യബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ചോദ്യബാങ്കിലേക്ക് വിദ്യാർത്ഥികൾക്കും ചോദ്യം തയ്യാറാക്കി അയക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) എല്ലാ വിഷയങ്ങളിലും മേൽ വിവരിച്ച രീതിയിൽ ചോദ്യബാങ്ക് തയ്യാറാക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് നേരിട്ട് എ റ്റി എം എസ് ൽ പ്രവേശിച്ച് ചോദ്യം ഉൾപ്പെടുത്താൻ കഴിയുകയില്ല. അധ്യാപകർക്ക് വിദ്യാർത്ഥികളിൽ നിന്നും ചോദ്യങ്ങൾ ശേഖരിച്ച് ആവശ്യമായ തിരുത്തലുകളും മെച്ചപ്പെടുത്തലുകളും വരുത്തി എ റ്റി എം എസ് ൽ ചോദ്യം അപ് ലോഡ് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ